# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1030 — 10.08.2017-ൽ മറുപടിക്ക്

## പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ വികസനം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ള പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്ത് നാളിതു വരെ വികസനം നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കെ.എസ്.ടി.പി. ഏറ്റെടുത്ത കാരണത്താൽ നാമമാത്രമായ അറ്റകുറ്റപ്പണികളല്ലാതെ കഴിഞ്ഞ 20 വർഷമായി ഈ റോഡിന്റെ റാന്നി സബ്ഡിവിഷനിൽ പെടുന്ന ഭാഗത്ത് റീറ്റാറിങ് നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. റാന്നി ഭാഗത്ത് സാധാരണ അറ്റകുറ്റപണികൾ മാത്രമേ നടത്താറുള്ളൂ. |
| (സി) കാലവർഷത്തിനു മുൻപു അറ്റകുറ്റപ്പണികൾക്കായി നാമമാത്രമായ തുക അനുവദിച്ചെങ്കിലും ജൂൺ, ജൂലൈ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാതിരുന്നതു മൂലം ഈ റോഡ് പൂർണ്ണമായും തകർന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മാത്രമേ ജൂൺ - ജൂലൈ മാസങ്ങളിൽ അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളൂ. ടി റോഡിൽ കാലവർഷം മൂലം തകർന്ന ഭാഗങ്ങളിൽ അറ്റകുറ്റ പണികൾ ഇനിയും ചെയ്യേണ്ടതുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ശബരിമല സീസണു മുൻപായി അടിയന്തിരമായി ഈ റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് ആവശ്യമായ മുഴുവൻ തുകയും അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) ശബരിമല ഫെസ്റ്റിവൽ 2017-18-ൽ ഉൾപ്പെടുത്തി പുനലൂർ-മുവാറ്റുപുഴ റോഡിന്റെ അറ്റകുറ്റപണികൾ ആവശ്യമുള്ള ഭാഗത്തേയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ